ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME:** 06.**30 PM** **DATE:26.11.2025**

## പ്രധാനവാർത്തകൾ

1. കേരളത്തിലെ തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണം സംബന്ധിച്ച് റിപ്പോർട്ട് തിങ്കളാഴ്ച സമർപ്പിക്കാൻ ഇലക്ഷൻ കമ്മീഷണനോട് സുപ്രീം കോടതി.
2. സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥർക്ക് മാത്രമേ പോസ്റ്റൽ ബാലറ്റ് അനുവദിക്കുകയുള്ളൂവെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ.
3. എൽ.പി, യു.പി സ്കൂളുകൾ ഇല്ലാത്ത പ്രദേശങ്ങളിൽ അടിയന്തരമായി സ്കൂളുകൾ ആരംഭിക്കണമെന്ന സുപ്രീംകോടതി വിധി സർക്കാർ ഗൗരവമായി പരിശോധിച്ചുവരികയാണെന്ന് മന്ത്രി വി ശിവൻകുട്ടി.
4. ശബരിമലയിൽ ഭക്തജന തിരക്ക് തുടരുന്നു. മണ്ഡലകാലം ആരംഭിച്ചതു മുതൽ ഇതുവരെ ദർശനം നടത്തിയത് ഒൻപതുലക്ഷത്തിലധികം പേർ.

RNU TVPM

5. സംസ്ഥാനത്ത് തെക്കൻ ജില്ലകളിൽ വ്യാപക മഴയ്ക്ക്സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥാവകുപ്പ്. മൂന്ന് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ ശനിയാഴ്ച വരെ മത്സ്യ ബന്ധനത്തിന് വിലക്ക്.

6. സയ്യിദ് മുഷ്താഖ് അലി ക്രിക്കറ്റ് ടൂർണ്ണമെൻ്റിൽ ഒഡീഷയ്ക്കെതിരെ കേരളത്തിന് 10 വിക്കറ്റ് ജയം.

❁❁❁❁❁❁❁❁❁❁❁❁❁

<u>സംവിധാൻ ദിവസ്</u>

രാജ്യത്തെ ജനങ്ങളുടെ ആത്മാഭിമാനവും അന്തസ്സും ഉറപ്പ് വരുത്താൻ ഭരണഘടനയ്ക്ക് സാധിച്ചതായി രാഷ്ട്രപതി ദ്രൗപദി മുർമ്മു. ന്യൂഡൽഹി സംവിധാൻ സദനിലെ സെൻട്രൽ ഹാളിൽ നടന്ന സംവിധാൻ ദിവസ് പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി തുടങ്ങിയവർ സന്നിഹിതരായിരുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

<u>എസ് ഐ ആർ - സുപ്രീം കോടതി</u>

കേരളത്തിലെ തീവ്ര വോട്ടർ പട്ടിക പരിഷ്കരണം സംബന്ധിച് റിപ്പോർട്ട് തിങ്കളാഴ്ച സമർപ്പിക്കാൻ ഇലക്ഷൻ കമ്മീഷണനോട് സുപ്രീം കോടതി . എസ് ഐ ആറിനെതിരെ കേരളത്തിന്റെ ഹർജി പരിഗണിക്കുകയായിരുന്നു സുപ്രീം

RNUTVPM

കോടതി. 99% വോട്ടർമാർക്കും എന്യുമറേഷൻ ഫോമുകൾ നൽകിയതായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പുകൾ ചൂണ്ടിക്കാട്ടി എസ് ഐ ആർ പ്രക്രിയ മാറ്റിവയ്ക്കേണ്ട സാഹചര്യമില്ല എന്നും ഇലക്ഷൻ കമ്മീഷൻ സുപ്രീം കോടതിയെ ധരിപ്പിച്ചു. അതെ സമയം ഹർജിയിൽ ഇടപെടണൊ എന്ന കാര്യത്തിൽ ഡിസംബർ 2 ന് തീരുമാനമെടുക്കാം എന്ന് കോടതി അറിയിച്ചു .

☸☸☸☸☸☸☸☸☸☸☸☸☸

## ഇസി-എസ്.ഐ.ആ ർ

വോട്ടർ പട്ടിക തീവ്ര പരിഷകരണത്തിൻറെ രണ്ടാം ഘട്ടത്തിൽ, ഇതുവരെ 50 കോടി 54 ലക്ഷത്തിലധികം എൻന്യൂമറേഷൻ ഫോമുകൾ വിതരണം ചെയ്തതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. കേരളം ഉൾപ്പെടെ ഒമ്പത് സംസ്ഥാനങ്ങളിലും മൂന്ന് കേന്ദ്രഭരണ പ്രദേശങ്ങളിലുമായി ഈ മാസം 4 നാണ് എസ്. ഐ. ആർ രണ്ടാം ഘട്ടം ആരംഭിച്ചത്. ഫെബ്രുവരി 7ന് അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കും.

RNU TVPM

☸☸☸☸☸☸☸☸☸☸☸☸☸

## എസ്.ഐ.ആ ർ-സംസ്ഥാനം

കേരളത്തിൽ തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി ഡിജിറ്റൈസ് ചെയ്ത ഫോമുകളുടെ എണ്ണം ഒരു കോടി 6 ലക്ഷത്തി 81,040 ആയതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. 50 ഫോമുകളിൽ താഴെ ഡിജിറ്റൈസ് ചെയ്ത BLO മാരുമായി സംസാരിച്ച് അവരുടെ പ്രശ്നങ്ങൾ മനസിലാക്കിയതായും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸☸

## തെരഞ്ഞെടുപ്പ് (INTRO)

സംസ്ഥാനത്ത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൻറെ തയ്യാറെടുപ്പുകളും പ്രചാരണ പരിപാടികളും പുരോഗമിക്കുകയാണ്. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വോട്ടർമാർ അറിഞ്ഞിരിക്കേണ്ട പ്രധാന വിവരങ്ങൾ കൂടി ആകാശവാണി വാർത്തകളിൽ ഉൾപ്പെടുത്തുകയാണ്. ഇന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷനെ കുറിച്ച് മനസ്സിലാക്കാം.

(വോയിസ്)

## തെരഞ്ഞെടുപ്പ് (വോയ്സ്)

രാജ്യത്ത് വിവിധ തിരഞ്ഞെടുപ്പുകൾ നടത്തുന്നത് ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യ, സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷൻ എന്നിവയാണ്. മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണറും രണ്ട് കമ്മീഷണർമാരും അടങ്ങുന്നതാണ് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഘടന. ഗ്യാനേഷ് കുമാറാണ് നിലവിലെ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ. ലോക്സഭ, രാജ്യസഭ , നിയമസഭകൾ എന്നിവയിലേക്കുള്ള തിരഞ്ഞെടുപ്പ് നടത്തുന്നതും വോട്ടർ പട്ടിക തയ്യാറാക്കുന്നതും വോട്ടർ തിരിച്ചറിയൽ കാർഡ് നൽകുന്നതും കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷനാണ്. രാഷ്ട്രപതി, ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പുകളും കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ ആണ് നടത്തുന്നത്. കേന്ദ്ര ഇലക്ഷൻ കമ്മീഷനു കീഴിൽ സംസ്ഥാനങ്ങളുടെ ചുമതല ചീഫ് ഇലക്ടറൽ ഓഫീസർക്കാണ്. രത്തൻ യു കേൽക്കർ ആണ് സംസ്ഥാനത്തെ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ .

ന്യൂസ് ഡെസ്ക് ആകാശവാണി.........

PNU TVPM

**<u>തിര. കമ്മീഷൻ</u>**

തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥർക്ക് മാത്രമേ പോസ്റ്റൽ ബാലറ്റ് അനുവദിക്കുകയുള്ളൂവെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ. ഡ്യൂട്ടിയിൽ അല്ലാത്ത ഒരു വിഭാഗത്തിനും ഈ സൗകര്യം ഏർപ്പെടുത്താൻ കഴിയില്ലെന്ന് കമ്മീഷൻ വ്യക്തമാക്കി. ഡ്യൂട്ടിയിലുള്ള സമ്മതിദായകർക്കുള്ള തപാൽ ബാലറ്റുകൾ ഇന്ന് മുതൽ വിതരണം ചെയ്തു തുടങ്ങി.

☸☸☸☸☸☸☸☸☸☸☸☸☸

**<u>ആലപ്പുഴ-തിര.ഇൻട്രോ)</u>**

ആലപ്പുഴ ജില്ലയിലെ ആറ് നഗര സഭകളിലും ശക്തമായ ത്രികോണ മത്സരമാണ് ഇത്തവണയും അരങ്ങേറുന്നത്.മൂന്ന് മുന്നണികളും ഒന്നാം ഘട്ട പ്രചരണം പൂർത്തിയാക്കി.

**വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാപ്രതിനിധി ആർ രവികുമാർ.......**

**(വോയിസ്)**

☸☸☸☸☸☸☸☸☸☸☸☸☸

**<u>കേന്ദ്ര മന്ത്രിസഭ</u>**

രാജ്യത്ത് റെയർ എർത്ത് പെർമനൻറ് മാഗ്നറ്റിൻറെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിന് 7,280 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. ഇലക്ട്രിക് വാഹനങ്ങൾ,പുനരുപയോഗ ഊർജ്ജം , ഇലക്ട്രോണിക്സ്, എയ്റോസ്പേസ്, എന്നിവയുടെ നിർമിതിയിൽ അത്യന്താപേക്ഷിതമാണ് റെയർ എർത്ത് മാഗ്നറ്റുകൾ. നിലവിൽ, രാജ്യം ഇറക്കുമതിയെ ആണ് ആശ്രയിക്കുന്നത് .

RNU TVPM

പൂനെ മെട്രോ റെയിൽ പദ്ധതി യുടെ രണ്ടാം ഘട്ടത്തി നും മന്ത്രിസഭ അംഗീകാരം നൽകിയതായി കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

മന്ത്രി വി ശിവൻകുട്ടി

സംസ്ഥാനത്ത് എൽ.പി, യു.പി സ്കൂളുകൾ ഇല്ലാത്ത പ്രദേശങ്ങളിൽ അടിയന്തരമായി സ്കൂളുകൾ ആരംഭിക്കണമെന്ന സുപ്രീംകോടതിയുടെ വിധി സംസ്ഥാന സർക്കാർ ഗൗരവമായി പരിശോധിച്ചുവരികയാണെന്ന് മന്ത്രി വി ശിവൻകുട്ടി . മലപ്പുറം ജില്ലയിലെ എലമ്പ്രയിൽ സ്കൂൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട കേസിലെ വിധി മാനിക്കുന്നുവെങ്കിലും, പ്രായോഗിക വശങ്ങൾ പരിശോധിച്ചു പുനഃപരിശോധനാ ഹർജി നൽകുന്നത് പരിഗണിക്കുമെന്നും അദ്ദേഹം തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

ശബരിമല സ്വർണ്ണ കവർച്ച - ഹൈക്കോടതി

ശബരിമല സ്വർണ്ണ കവർച്ചാ കേസിൽ മുൻ ദേവസ്വം ബോർഡ് ഉദ്യോഗസ്ഥ കെ. സൽമ ജെന്നത്തിന് ഇടക്കാല ജാമ്യം അനുവദിച്ച് കേരള ഹൈക്കോടതി. കേസിൽ ആറാം പ്രതിയായ തിരുവിതാംകൂർ ദേവസ്വം ബോർഡിൻറെ മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എസ്. ശ്രീകുമാറിനെ അറസ്റ്റ് ചെയ്യരുതെന്നും ഹൈക്കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചു. സ്വർണ്ണ കവർച്ചയുമായി ബന്ധപ്പെട്ട ഗൂഢാലോചനയെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്താനും അതിൽ ഉൾപ്പെട്ട ദേവസ്വം ഉദ്യോഗസ്ഥരെ തിരിച്ചറിയാനും ഹൈക്കോടതി പ്രത്യേക അന്വേഷണ സംഘത്തോട് നിർദ്ദേശിച്ചു.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

<u>ശബരിമല (ഇൻട്രോ)</u>

ശബരിമലയിൽ തീർത്ഥാടകരുടെ തിരക്ക് തുടരുന്നു. മണ്ഡലകാലം ആരംഭിച്ചതു മുതൽ ഒൻപതുലക്ഷത്തിലധികം പേരാണ് ഇതുവരെ ദർശനം നടത്തിയിട്ടുള്ളത്

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ...**

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

<u>മഴ-സംസ്ഥാനം</u>

സംസ്ഥാനത്ത് തെക്കൻ ജില്ലകളിൽ വ്യാപക മഴയ്ക്ക്സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥാവകുപ്പ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 29 വരെ മത്സ്യ ബന്ധനത്തിന് വിലക്ക്.

RNUTVPM

<u>കായികോത്സവം ബഡ്സ് ഒളിമ്പ്യ 2025 (**INTRO**)</u>

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് കുടുംബശ്രീ കണ്ണൂർ ജില്ലാ മിഷൻ സംഘടിപ്പിക്കുന്ന കായികോത്സവം ബഡ്സ് ഒളിമ്പ്യ 2025, നാളെ കണ്ണൂർ പോലീസ് മൈതാനിയിൽ.35 ഇനങ്ങളിലാണ് മത്സരം .

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ...**

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

## ക്രിക്കറ്റ്

സയ്യിദ് മുഷ്താഖ് അലി ക്രിക്കറ്റ് ടൂർണ്ണമെൻ്റിൽ ഒഡീഷയ്ക്കെതിരെ കേരളത്തിന് 10 വിക്കറ്റ് ജയം. ആദ്യം ബാറ്റ് ചെയ്ത ഒഡീഷ നിശ്ചിത ഓവറിൽ 7 വിക്കറ്റ് നഷ്ടത്തിൽ 176 റൺസ് നേടി. മറുപടി ബാറ്റിംഗിനിറങ്ങിയ കേരളം 21 ബോൾ ബാക്കി നിൽക്കെ ലക്ഷ്യം നേടി. വെള്ളിയാഴ്ച റെയിൽവെയ്സുമായിട്ടാണ് കേരളത്തിൻറെ അടുത്ത മത്സരം.

❁❁❁❁❁❁❁❁❁❁❁❁❁

## ക്വിസ്

ആകാശവാണി തിരുവനന്തപുരം നിലയം, തിരുവനന്തപുരം റീജിയണൽ പാസ്പോർട്ട് ഓഫീസിൻ്റെ സഹകരണത്തോടെ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി ഭരണഘടനാദിന ക്വിസ് മത്സരം സംഘടിപ്പിച്ചു. മത്സരത്തിൽ മണക്കാട് ഗവൺമെൻ്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ വിദ്യാർത്ഥികളായ സൂര്യഗായത്രി വി.ജെ., അബിയ എസ്. എന്നിവരടങ്ങുന്ന ടീം ഒന്നാം സ്ഥാനം നേടി. കിളിമാനൂർ ഗവൺമെൻ്റ് ഹയർ സെക്കണ്ടറി സ്കൂളിലെ ആദർശ് പി.ആർ, ചിന്മയ എം.ബി. എന്നിവരടങ്ങുന്ന ടീമിന് രണ്ടാം സ്ഥാനവും നേമം വിക്ടറി വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ വിദ്യാർത്ഥികളായ അഭിനവ് എ.എ., അനൂപ് എ.എസ്. എന്നിവരടങ്ങുന്ന ടീം മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ആകാശവാണി റീജിയണൽ ചാനൽ മാനേജർ ഡോ.എ.ജി.ബൈജു, പ്രോഗ്രാം മേധാവി പി.എ.ബിജു, തിരുവനന്തപുരം റീജിയണൽ പാസ്പോർട്ട് ഓഫീസർ ജീവാമരിയ ജോയ്, വാർത്താവിഭാഗം മേധാവി ലെമി ജി. നായർ വാർത്താവിഭാഗം അസിസ്റ്റൻ്റ് ഡയറക്ടർ സ്മിതി എന്നിവർ പങ്കെടുത്ത ചടങ്ങിൽ മത്സര വിജയികൾക്കുള്ള പുരസ്ക്കാരവും പങ്കെടുത്തവർക്കുള്ള സർട്ടിഫിക്കേറ്റും വിതരണം ചെയ്തു.

RNU TVPM

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പരിപാടി 'മൻ കീ ബാത് ഈ മാസം 30-ന് രാവിലെ 11 മണിക്ക്. ആകാശവാണിയുടെ എല്ലാ നിലയങ്ങളും ദൂരദർശനും പരിപാടി പ്രക്ഷേപണം ചെയ്യും. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും നിർദ്ദേശങ്ങളും മറ്റന്നാൾ വരെ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെ അറിയിക്കാം.

## മുനമ്പം - ഹൈക്കോടതി

എറണാകുളം മുനമ്പത്തെ താമസക്കാരിൽ നിന്ന് നികുതി സ്വീകരിക്കാൻ കേരള ഹൈക്കോടതി സംസ്ഥാന സർക്കാരിനോട് നിർദ്ദേശിച്ചു. ഭൂ സംരക്ഷണ സമിതിയും മറ്റ് സ്വകാര്യ വ്യക്തികളും സമർപ്പിച്ച ഹർജി പരിഗണിക്കുന്നതിനിടെയാണ് ജസ്റ്റിസ് സി. ജയചന്ദ്രൻ ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചത്.

RINU TVPM